# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


**വാർത്താക്കുറിപ്പ് 2**

**2025 ജൂലൈ 8**

---

## എം.ജി സർവകലാശാലയുടെ ഹരിത മാതൃകകൾക്കുള്ള അംഗീകാരം

*പരിസ്ഥിതി സംരക്ഷണ മേഖലയിൽ സൃഷ്ടിച്ച പുതു മാതൃകകൾക്കുള്ള അംഗീകാരമാണ് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് ലഭിച്ച ജൈവ വൈവിധ്യ സംരക്ഷണ അവാർഡ്. സർക്കാർ,സഹകരണ, പൊതു മേഖലകളിലെ മികച്ച ജൈവ വൈവിധ്യ സംരക്ഷണ സ്ഥാപനമായാണ് സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് എം.ജി സർവകലാശാലയെ തിരഞ്ഞെടുത്തത്.*

*വൈവിധ്യമാർന്ന സസ്യജാലങ്ങൾ തണൽവിരിക്കുന്ന കാമ്പസ് പൂർണമായും പരിസ്ഥിതി സൗഹൃദമായാണ് പ്രവർത്തിക്കുന്നത്. ജൈവ മാലിന്യങ്ങളും വൃക്ഷങ്ങളുടെ കരിയിലകളും വരെ മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറുന്ന നിർമലം എം.ജി.യു ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതിയും കാർബൺ മലിനീകരണം കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്ന ബയോഗ്യാസ് പ്ലാൻറുകളും സൗരോർജ യൂണിറ്റുകളും സർവകലാശാലാ കാമ്പസിനെ വേറിട്ടു നിർത്തുന്നു.*

*ജീവക ലൈവ് ലാബോറട്ടറി എന്ന പേരിൽ 2008 മുതൽ 12 ഏക്കർ സ്ഥലം സംരക്ഷിത മേഖലയായി നിലനിർത്തിയിട്ടുണ്ട്. ഓർഗാനിക് ഫാം, ഔഷധ സസ്യോദ്യാനം, മിയാവാക്കി വനം, പഴവർഗങ്ങളുടെ ഉദ്യാനം, ഭൂമിമിത്ര ക്ലബ്ബ്, പരിസ്ഥിതി ശാസ്ത്ര വിദ്യാർഥികളുടെ ക്ലബ്ബ്, വിദ്യാർഥികൾക്കും സന്ദർശകർക്കും കാമ്പസിലെ മരങ്ങളെ അടുത്തറിയുന്നതിനുപകരിക്കുന്ന ക്യുആർ കോഡ് സംവിധാനം തുടങ്ങിയവയും ഇവിടെയുണ്ട്.*

*ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ അധ്യാപകരും വിദ്യാർഥികളും ജീവനക്കാരും പങ്കുചേരുന്നു. അധിനിവേശ സസ്യങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ, സർക്കാർ, സർക്കാരിതര മേഖലകളിലെ ജൈവ*

*വൈവിധ്യ നയരൂപീകരണ പ്രവർത്തനങ്ങളിലെയും പ്രളയാനന്തര ദുരന്തനിവാരണ പഠനങ്ങളിലെയും പങ്കാളിത്തം, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിന്റെ നേതൃത്വത്തിൽ പരിസ്ഥിതി സംരക്ഷണത്തിനായി നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങൾ എന്നിവയും പുരസ്കാര നേട്ടത്തിന് സഹായകമായി.*

**ഫോട്ടോ ക്യാപ്ഷൻ..**

*1. മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കിനുള്ളിലെ ഫേണേറിയം*

*2. മഹാത്മാ ഗാന്ധി സർവകലാശാലാ കാമ്പസിലെ തണൽ വിരിച്ച വഴി*

*(പി.ആർ.ഒ/39/1803/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**